**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2380** **16-03-2022 - ൽ മറുപടിയ്ക്ക്**

**ഗോശ്രീ ദ്വീപ് വികസന അതോറിറ്റി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ** | | **null<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | ഗോശ്രീ ദ്വീപ് വികസന അതോറിറ്റി തുക വകയിരുത്തിയിട്ടുള്ളതും ഭരണാനുമതി ലഭ്യമായിട്ടുള്ളതുമായ പ്രവൃത്തികളുടെ നിലവിലെ അവസ്ഥ വിശദമാക്കാമോ; | (എ) | ഗോശ്രീ ദ്വീപ് വികസന അതോറിറ്റി തുക വകയിരുത്തിയിട്ടുള്ളതും ഭരണാനുമതി ലഭ്യമായിട്ടുള്ളതുമായ പ്രവൃത്തികളുടെ നിലവിലെ വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു: • മൂലമ്പിള്ളി-ചാത്തനാട് റോഡ് പദ്ധതി - വലിയ കടമക്കുടി-ചാത്തനാട് പാലം& അപ്രോച്ചസ് (ഫേസ് II) 30/09/2013 -ലെ G.O.(Rt)No.2430/2013/LSGD ഉത്തരവ് പ്രകാരം 52 കോടി രൂപയുടെ ഭരണാനുമതി അനുവദിച്ചതിൽ 40.394 കോടി രൂപ ചെലവായിട്ടുള്ളതാണ്. ബ്രിഡ്ജ് പോർഷൻ പൂർത്തീകരിച്ചു. 58% ജോലികൾ പൂർത്തീകരിച്ചു. എൽ.എ നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. M/s കേരളാ സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ (KSCC) പുതുക്കിയ ഭരണാനുമതിക്കായി പുതിയ എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുള്ളത് ജിഡയുടെ ടെക്നിക്കൽ കൺസൾട്ടന്റ് പരിശോധിച്ച് ഭേദഗതികൾ വരുത്തുന്ന നടപടികൾ നടന്നുവരുന്നു. • മുളവുകാട് റോഡ് വികസന പദ്ധതി - എൽ.എ.ജോലികൾ ഉൾപ്പെടെ - മൂന്നാം ഘട്ടം - 1.5 kms ഈ പദ്ധതിക്കായി 7.230 കോടി രൂപ ജിഡ എക്സിക്യൂട്ടീവ് കമ്മിറ്റി/ജനറൽ കൗൺസിൽ തീരുമാന പ്രകാരം വകയിരുത്തിയിട്ടുണ്ട്. ഭരണാനുമതി പ്രൊപ്പോസൽ പരിശോധിച്ചു വരുന്നു. • എളംകുന്നപ്പുഴ, ഞാറക്കൽ, നായരമ്പലം പഞ്ചായത്തിലേക്കുള്ള ജലവിതരണ പദ്ധതി 22/06/2011 ലെ G.O.(MS)No.115/2011/LSGD നമ്പർ ഉത്തരവ് പ്രകാരം 56.850 കോടി രൂപയുടെ ഭരണാനുമതി നൽകിയതിൽ 46.551 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. കേരള ജല അതോറിറ്റി വഴിയാണ് ജോലികൾ നടത്തുന്നത്. മുരിക്കുംപാടത്തും ഞാറക്കലിലുമുള്ള ഓവർ ഹെഡ് ടാങ്കിന്റെ ജോലികൾ പുരോഗമിക്കുന്നു. മറ്റ് ജോലികൾ പൂർത്തീകരിച്ചിട്ടുണ്ട്. • |

ചരിയംതുരുത്ത് - ചെന്നൂർ – പിഴല 9m റോഡ് പദ്ധതി 2.350 കോടി രൂപ മുരിക്കുംപാടത്തെ വാട്ടർ ടാങ്ക് ജോലികൾ പൂർത്തീകരണ ഘട്ടത്തിനാണ് ജിഡ വകയിരുത്തിയിട്ടുള്ളത്. 0.211 കോടി രൂപ പ്രാഥമിക ജോലികൾക്കായി ചെലവഴിച്ചിട്ടുണ്ട്. ഭരണാനുമതിക്ക് ആവശ്യമായ വിശദ എസ്റ്റിമേറ്റും ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ടും തയ്യാറാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ചരിയംതുരുത്തിലെ പിഴല മുതൽ പുതുശ്ശേരി ജംഗ്ഷൻ വരെയുള്ള 9m റോഡ് പദ്ധതിക്കായി പൊതുമരാമത്ത് വകുപ്പിനോട് ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് & എസ്റ്റിമേറ്റ് സമർപ്പിക്കുന്നതിന് ജിഡ അറിയിച്ചിട്ടുണ്ട്. • മൂലംപിള്ളി-പിഴല കണക്ടിവിറ്റി പാലം മുതൽ പിഴല റോഡ് വരെയുള്ള 350m റോഡ് പദ്ധതിക്കായി ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ട്. 19/06/2021-ലെ G.O.(Rt)No.1178/2021 നമ്പർ ഉത്തരവ് പ്രകാരം 4.800 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കോസ്റ്റൽ റെഗുലേഷൻ സോൺ നിയമപ്രകാരം അനുമതി ലഭ്യമാക്കുന്നതിന് കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിക്ക് ജിഡ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. • ചെന്നൂർ-പിഴല പാലം 17/02/2021 ലെ G.O.(Rt)No.475/2021/LSGD നമ്പർ ഉത്തരവ് പ്രകാരം 19.500 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ജോലികൾ പൂർത്തീകരിക്കുന്നതിന് പൊതുമരാമത്ത് വകുപ്പിനെ ചുമതലപ്പെടുത്തി. ഇൻവെസ്റ്റിഗേഷൻ ജോലികളും, ഡിസൈൻ/എസ്റ്റിമേറ്റ് തയ്യാറാക്കൽ നടപടിയും പുരോഗമിച്ചു വരുന്നു. • ചെന്നൂർ-ചരിയംതുരുത്ത് പാലം 20/02/2021 ലെ G.O.(Rt)No.508/2021/LSGD നമ്പർ ഉത്തരവ് പ്രകാരം 20.500 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ജോലികൾ പൂർത്തീകരിക്കുന്നതിന് പൊതുമരാമത്ത് വകുപ്പിനെ ജിഡ ചുമതലപ്പെടുത്തി. ഇൻവെസ്റ്റിഗേഷൻ ജോലികളും, ഡിസൈൻ/ എസ്റ്റിമേറ്റ് തയ്യാറാക്കൽ നടപടിയും പുരോഗമിച്ചു വരുന്നു. • കോതാട്-ചെന്നൂർ പാലം 6/11/2021 ലെ G.O.(Rt)No.2200/2021 പ്രകാരം 35.970 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ജോലികൾ പൂർത്തീകരിക്കുന്നതിന് പൊതുമരാമത്ത് വകുപ്പിനെ ചുമതലപ്പെടുത്തി. ഇൻവെസ്റ്റിഗേഷൻ ജോലികളും,ഡിസൈൻ/എസ്റ്റിമേറ്റ് തയ്യാറാക്കൽ നടപടിയും പുരോഗമിച്ചു വരുന്നു. • ഞാറക്കൽ താലൂക്ക് ആശുപത്രി വികസനം 07/03/2019 ലെ G.O.(Rt)No.559/2019/LSGD നമ്പർ ഉത്തരവ്

| | | | |
|---|---|---|---|
| | | | പ്രകാരം 5.950 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. 0.045 കോടി രൂപ ഇതിനകം ചിലവഴിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പ് പൊതുമരാമത്ത് വകുപ്പ്, കെട്ടിട വിഭാഗത്തിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പദ്ധതി പൂർത്തീകരണം അന്തിമഘട്ടത്തിലേക്ക് അടുക്കുന്നു. • വല്ലാർപ്പാടം ദ്വീപിന് ചുറ്റുമുള്ള സംരക്ഷണ ഭിത്തിയും, ബണ്ട് റോഡ് നിർമ്മാണവും 13/02/2012 ലെ GO(Rt)No.443/2012/LSGD ഉത്തരവ് പ്രകാരം 17.140 കോടി രൂപയുടെ ഭരണാനുമതി അനുവദിച്ചതിൽ 4.414 കോടി രൂപ ചിലവഴിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പ് മേജർ & മൈനർ ഇറിഗേഷൻ വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. മൈനർ ഇറിഗേഷൻ 5.04 കോടി രൂപയുടെ ജോലികൾ പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ മേജർ ഇറിഗേഷൻ 12.10 കോടി രൂപയുടെ ജോലികൾ ആരംഭിച്ചിട്ടില്ല. മേജർ ഇറിഗേഷൻ 29.30 കോടി രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ട്. ആയതു പരിശോധിച്ച് ജിഡ ടെക്നിക്കൽ കൺസൾട്ടന്റ് നല്കിയ ഭേദഗതിയിൽ ഉൾപ്പെടുത്തുന്ന ജോലി പുരോഗമിച്ചു വരുന്നു. • താന്തോന്നിതുരുത്തിലെ സംരക്ഷണ ഭിത്തി 23/02/2020 ലെ പുതുക്കിയ G.O(Rt)No.452/2020/LSGD പ്രകാരം 6 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. കോസ്റ്റൽ റെഗുലേഷൻ സോൺ നിയമപ്രകാരം നിയമപ്രകാരം അനുമതി ലഭ്യമാക്കുന്നതിന് കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിക്ക് അപേക്ഷ സമർപ്പിച്ചു എങ്കിലും നാളിതുവരെ അനുമതി ലഭിച്ചിട്ടില്ല. മേജർ ഇറിഗേഷൻ 13.90 കോടി രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ട്. ഭരണാനുമതി പ്രൊപ്പോസൽ പരിശോധിച്ചു വരുന്നു. • ഇൻലാൻഡ് വാട്ടർ ട്രാൻസ്പോർട്ട് പൈലറ്റ് പ്രോജക്ട് 10/06/2010 ലെ GO(Rt)No.1925/2010/LSGD പ്രകാരം 1.530 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. 1.224 കോടി രൂപ ചെലവഴിച്ച് പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്. • വൈപ്പിൻ-മുനമ്പം തീരദേശ മേഖലയിലെ തീരസംരക്ഷണം പദ്ധതിയുടെ ശാസ്ത്രീയ പഠനത്തിനായി 0.370 കോടി രൂപയുടെ ജോലികൾ ജിഡ പൂർത്തീകരിച്ചു. വർക്ക് നടത്തുന്നതിനായി കേരള സ്റ്റേറ്റ് കോസ്റ്റൽ ഏരിയ ഡെവലപ്പ്മെന്റ് കോർപ്പറേഷനെ ചുമതലപ്പെടുത്തി. കേരള സ്റ്റേറ്റ് കോസ്റ്റൽ ഏരിയ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ഐ.ഐ.റ്റി. യെ വർക്ക് പഠനം നടത്തി നല്കുന്നതിന് ചുമതലപ്പെടുത്തി. ഐ.ഐ,റ്റി. മദ്രാസ് പ്രാഥമിക പഠനം നടത്തി ഒരു ഇടക്കാല റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതാണ്. |

| | | | |
|---|---|---|---|
| (ബി) | ജനോപകാരപ്രദമായ പല പ്രവൃത്തികളും നടപ്പാക്കുന്നതിൽ നേരിടുന്ന കാലതാമസം കണക്കിലെടുത്ത് ഗോശ്രീ ദ്വീപ് വികസന അതോറിറ്റിയ്ക്ക് പ്രത്യേക എഞ്ചിനീയറിംഗ് വിഭാഗം അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ;വ്യക്തമാക്കുമോ? | (ബി) | ഗോശ്രീ ദ്വീപ് വികസന അതോറിറ്റിയ്ക്ക് പ്രത്യേക എഞ്ചിനീയറിംഗ് വിംഗ് ഇല്ലാത്തത് വികസനപദ്ധതികളെ ബാധിക്കുന്നതായി മനസ്സിലാക്കിയിട്ടുണ്ട്. ഇതിനു പരിഹാരം എന്ന നിലയിൽ ഇപ്പോഴുള്ള ടൗൺ പ്ലാനർക്ക് പകരം ഒരു അസിസ്റ്റന്റ് എഞ്ചിനീയറെ നിയമിക്കുന്ന വിഷയം പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ